**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5017** **11-08-2021 - ൽ മറുപടിയ്ക്ക്**

**മോഡൽ അംഗൻവാടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | അംഗൻവാടിയെ മോഡൽ അംഗൻവാടി ആക്കുന്നതിനായുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | സ്വന്തമായി 10 സെന്റ് സ്ഥലം ലഭ്യമായതും നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുമായ അങ്കണവാടികൾക്കാണ് മോഡൽ അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാർ നിർമ്മാണാനുമതി നൽകുന്നത്. പ്രസ്തുത പദ്ധതി പ്രകാരം ഒരു അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് 23.75 ലക്ഷം രൂപയാണ് യൂണിറ്റ് കോസ്റ്റ്. ആയതിൽ 17 ലക്ഷം രൂപ വകുപ്പ് വിഹിതമായും ബാക്കി 6.75 ലക്ഷം രൂപ ബന്ധപ്പെട്ട നിയോജകമണ്ഡലം എം.എൽ.എ വിഹിതവുമായാണ് വകയിരുത്തുന്നത്. |
| (ബി) | പയ്യന്നൂർ മണ്ഡലത്തിലെ കരിവെള്ളൂർ-പെരളം ഗ്രാമപഞ്ചായത്തിലെ പാലത്തര അംഗൻവാടിയെ മോഡൽ അംഗൻവാടിയായി ഉയർത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | പയ്യന്നൂർ മണ്ഡലത്തിലെ കരിവെള്ളൂർ പെരളം ഗ്രാമ പഞ്ചായത്തിലെ പാലത്തര അങ്കണവാടിയ്ക്ക് 2020-21 സാമ്പത്തിക വർഷത്തിൽ 27,64,952/-രൂപ വിനിയോഗിച്ച് സ്മാർട്ട് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത കെട്ടിട നിർമ്മാണത്തിനായി പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ